**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5708** **13-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാഭ്യാസ നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് സാധിക്കാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ ഫിഷറീസ് വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിദ്യാതീരം എന്ന തുടർ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സം ഗ്രാൻറ്റ്, പ്രതിമാസ സ്റ്റൈപൻറ് , ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ നൽകി വരുന്നു. മത്സ്യത്തൊഴിലാളികളുടെ പോസ്റ്റ് മെട്രിക് വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥി കൾക്ക് ഇ-ഗ്രാൻറ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം നൽകി വരുന്നു. വിദ്യാതീരം പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിനായി റസിഡൻഷ്യൽ മെഡിക്കൽ എൻടൻസ് പരിശീലനം. റസിഡൻഷ്യൽ ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2019-20 വർഷം വിദ്യാഭ്യാസ പരിശീലന പരിപാടികൾക്കായി 1,340 ലക്ഷം രൂപയും 2020-21 ൽ 13 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിലും വിദ്യാതീരം പദ്ധതിയ്ക്കായി 13 കോടി വകയിരുത്തിയിട്ടുണ്ട്. 2015-16 മുതൽ 2020-21 വരെ 331 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻടൻസ് പരിശീലനം നൽകുകയും 49 പേർക്ക് എം.ബി.ബി.എസ് നും 84 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. ഇതുവഴി ടി വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ |

| | | | |
|---|---|---|---|
| | | | എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. തീരപ്രദേശത്തെ 10 ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകി വരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിനുള്ള സമഗ്ര നടപടികൾ സ്വീകരിക്കുകയും, കൂടാതെ തീരദേശത്തെ സ്കൂളുകളിൽ കായിക പ്രോത്സാഹന പദ്ധതികളും നടപ്പാക്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇൻറർനെറ്റ്, ടി.വി.പ്രോജക്ടർ എന്നീ ആധുനിക പഠന സഹായ സൗകര്യങ്ങൾ നൽകുന്നതിന് പ്രതിഭാതീരം പദ്ധതി നടപ്പിലാക്കി വരുന്നു. ഇവയെല്ലാം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സഹായകമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ